15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1854 — 02-02-2024 - ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും ആയതിന്റെ നടപടികൾ ഏത് ഘട്ടത്തിൽ ആണെന്നും വിശദമാക്കാമോ; | (എ) | (1) **കാസറഗോഡ് ഡവലപ്മെന്റ് പാക്കേജിൽ - മടിക്കൈ പദ്ധതി**. ആദ്യഘട്ടമായി ഒരു മാംസ സംസ്കരണ ശാല മീറ്റ്സ് പ്രൊഡക്റ്റ് ഓഫ് ഇന്ത്യയുമായി ചേർന്ന് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. തയ്യാറാക്കിയ DPR പരിഷ്കരിക്കുന്നതിന് MPI യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് റവന്യൂ വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ട്.<br><br>(2) **വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം** പദ്ധതിക്കു വേണ്ടി 2,95,440/- രൂപ ചെലവഴിച്ചു. പദ്ധതി തുടരുന്നു.<br><br>**(3) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ കീഴിൽ റൂറൽ ബേക്ക് യാർഡ് ഗോട്ട് ഡവലപ്മെന്റ് പദ്ധതിയിൽ ആകെ 13 യൂണിറ്റുകൾ അനുവദിച്ചു. പട്ടികവർഗ്ഗ, പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കായി നടപ്പിലാക്കുന്ന ആട്ടുവളർത്തൽ പദ്ധതിയാണിത് (ST – 12, SC – 1) ഈ പദ്ധതി മുഖേന ഇതേവരെ 7,12,800/- രൂപ ചെലവഴിച്ചു.**<br><br>(4) **ജൂനിയർ റസിഡന്റ്ഷിപ്പ് പദ്ധതി**ക്കു വേണ്ടി 3,20,000/- രൂപ ചെലവഴിച്ചു. പദ്ധതി തുടരുന്നു. വെറ്ററിനറി ബിരുദം നേടിയ പുതു വെറ്ററിനറി ഡോക്ടർമാരെ ജൂനിയർ റസിഡന്റ്മാരായി നിയോഗിക്കുന്ന പദ്ധതി പുതുതായി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നിലവിൽ മൃഗാശുപത്രിയിലുള്ള ഡോക്ടർമാർക്ക് പുറമെയാണ് ഈ യുവ ഡോക്ടർമാരെ ജൂനിയർ റസിഡന്റ്മാരായി നിയോഗിക്കുന്നത്. ഇതുവഴി കർഷകർക്ക് കൂടുതൽ സേവനം നൽകുന്നതിനും യുവ ഡോക്ടർമാർക്ക് കൂടുതൽ പരിശീലനം ലഭിക്കുന്നതിനും ഈ |

| | | | |
|---|---|---|---|
| | | | മേഖലയെപറ്റിയും വകുപ്പിന്റെ പ്രവർത്തനത്തെപ്പറിയും കൂടുതൽ മനസ്സിലാക്കുന്നതിനും സാധിക്കുന്നു.<br><br>**(5) കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ -മൊബൈൽ വെറ്ററിനറി യൂണിറ്റ് - ഈ പദ്ധതിക്കായി ഇതേവരെ 9,12,526/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തുടരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **50 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ നിന്നും മടിക്കൈ പ്രോജക്റ്റിന്റെ മാംസ സംസ്കരണ ശാലയ്ക്ക് വേണ്ടി അനുവദിച്ച് കിട്ടിയിട്ടുണ്ട്. 50 ഏക്കർ സ്ഥലം കൂടി അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. അളവ് പൂർത്തിയാക്കി സ്കെച്ച് തയ്യാറാക്കി വരികയാണ്.** |
| (സി) | പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ ആവശ്യമായ തുക സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 1) കാസറഗോഡ് ഡവലപ്മെന്റ് പാക്കേജിൽ - മടിക്കൈ പദ്ധതി. - ജില്ലയിലേക്ക് തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.<br><br>**<u>മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതം</u>**<br><br>(2) വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം പദ്ധതിക്കുവേണ്ടി 2,95,440/- രൂപ.<br><br>(3) റൂറൽ ബേക്ക് യാർഡ് ഗോട്ട് ഡവലപ്മെന്റ് പദ്ധതിക്ക് വേണ്ടി 7,12,800/- രൂപ. (കേന്ദ്രാവിഷ്കൃതം)<br><br>(4) ജൂനിയർ റസിഡന്റ് ഷിപ്പ് പദ്ധതിക്കുവേണ്ടി 3,20,000/- രൂപ.<br><br>(5) മൊബൈൽ വെറ്ററിനറി യൂണിറ്റ് - പദ്ധതിക്കായി ഇതേവരെ 9,12,526/- രൂപ. |
| (ഡി) | മറ്റ് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളാണ് പദ്ധതി ആരംഭിക്കാൻ ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കാസറഗോഡ് വികസന പദ്ധതിയിൽ നിന്നുള്ള ഫണ്ടാണ് ഉപയോഗിക്കുന്നത്. കാസറഗോഡ് വികസന പദ്ധതിയിൽ നിന്നും 15 കോടി രൂപ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ